# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3185

## 11.05.2017 ലെ മറുപടിക്ക്

## എം.എൽ.എ. - എസ്.ഡി.എഫ് മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എസ്.ഡി.എഫ് വിനിയോഗിച്ച് എം.എൽ.എ. നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കണമെന്നറിയിക്കാമോ; | എം.എൽ.എ.എസ്.ഡി.എഫ്. ന്റെ പൊതുവായ മാനദണ്ഡം 27.05.2004-ലെ സ.ഉ.(അ) നം. 247/2004/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കാലാകാലങ്ങളിൽ പൊതു പ്രവൃത്തികൾക്ക് ബാധകമാവുന്ന ഉത്തരവുകളുടെയോ/ എം.എൽ.എ.മാരുടെ പൊതുവായ അഭിപ്രായങ്ങളുടെയോ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിന് ആവശ്യമായ ഭേദഗതി ഉത്തരവുകളും നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എത്ര ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളെയാണ് ഇ-ടെണ്ടർ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ലഭ്യമാക്കാമോ; | 29.03.2017-ലെ 18/2017/ധന. നമ്പർ സർക്കുലർ പ്രകാരം എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പതിനഞ്ച് ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | 15 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | ഇല്ല. |

Sd/-

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

**സർക്കുലർ**

നമ്പർ. 18/2017/ധന — തിരുവനന്തപുരം, തീയതി : 29.03.2017

വിഷയം: എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ - ഇ-ടെണ്ടർ ചെയ്യുന്നതും പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തുന്നതും സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന:
1. സ.ഉ (പി) നമ്പർ 247/2004/ധന തീയതി 27-05-2004
2. സ.ഉ (പി) നമ്പർ 579/2015/ധന തീയതി 19-12-2015
3. സ.ഉ (പി) നമ്പർ 4/2016/ധന തീയതി 13-01-2016
4. സ.ഉ (പി) നമ്പർ 30/2016/ധന തീയതി 29-02-2016
5. തൃശ്ശൂർ ജില്ലാ കളക്ടർക്ക് 24.09.2012 ന് നൽകിയ 73799/എൻ.സി.-ബി1/2012/ ധന നമ്പർ കത്ത്.

സൂചന (2)-ലെ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ എം.പി. ഫണ്ട്/ എം.എൽ.എ. ഫണ്ട്/ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട പതിനഞ്ച് ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സൂചന (3)-ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഒഴികെ സംസ്ഥാനത്തെ മറ്റ് വകുപ്പുകളിൽ 31.03.2016 നകം എഗ്രിമെന്റ് വയ്ക്കേണ്ട പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടിയ്ക്കായി നിശ്ചയിച്ചിട്ടുള്ള പരിധി നിലവിലുള്ള അഞ്ച് ലക്ഷം രൂപയിൽ നിന്നും പതിനഞ്ച് ലക്ഷം രൂപയായി ഉയർത്തിയിരുന്നു. ഈ സാഹചര്യത്തിൽ ഇ-ടെണ്ടറിംഗ് സംബന്ധിച്ച് ജില്ലാ കളക്ടർമാർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

2. സൂചന (5)-ലെ കത്ത് പ്രകാരം എം.എൽ.എ.എസ്.ഡി.എഫിൻ കീഴിലുള്ള പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജ് അനുവദനീയമല്ല. സൂചന (4)-ലെ ഉത്തരവ് പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പൊതുപ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കോൺട്രാക്ടേഴ്സ് പ്രൊഫിറ്റ് ഒഴിവാക്കേണ്ടതാണെന്നും എന്നാൽ 7.5% നിരക്കിൽ ഓവർഹെഡ് ചാർജ്ജസ് അനുവദിക്കാവുന്നതാണെന്നും ഉത്തരവായിട്ടുള്ള

സാഹചര്യത്തിൽ എം.എൽ.എ.എസ്.ഡി.എഫ് ന്റെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും സ്പഷ്ടീകരണം തേടിയിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് താഴെപ്പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

i. എം.എൽ.എ. മാരുടെ പ്രത്യേക വികസ്ന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പതിനഞ്ച് ലക്ഷം രൂപയിൽ താഴെയാണെങ്കിൽ സൂചന (2) ഉത്തരവിലെ നിബന്ധനകൾ ബാധകമാക്കാവുന്നതാണ്.

ii. ഗുണഭോക്തൃ സമിതികൾ മുഖേന എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിന്റെ 7.5% വരെയുള്ള ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സൂചന (4)-ലെ ഉത്തരവ് ബാധകമാക്കാവുന്നതാണ്.

**എസ്.വി. കല**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

എല്ലാ എം.എൽ.എ മാർക്കും
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ